**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1630** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പഞ്ചായത്തു കോമൺ സർവീസിലെ തസ്തികകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ കോമൺ സർവീസ് രൂപീകരിച്ചതിനു ശേഷം ഗ്രാമ പഞ്ചായത്തു സെക്രട്ടറി ,സീനിയർ സൂപ്രണ്ട് തസ്തികകളുടെ കേഡർ സ്ട്രെങ്ങ്തിൽ വന്ന മാറ്റങ്ങൾ ,പുതുതായി സൃഷ്ടിച്ച തസ്തികകൾ ,അപ്ഗ്രേഡ് ചെയ്ത തസ്തികകൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

**<u>മറുപടി:</u>** തദ്ദേശ സ്വയംഭരണ കോമൺ സർവീസ് രൂപീകരണത്തിന് ശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സീനിയർ സൂപ്രണ്ട് കേഡറുകളിൽ ഉൾപ്പെട്ടിരുന്ന ഏറ്റവും സീനിയറായ 66 പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ / ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് തസ്തികകൾ 'ഇന്റേണൽ വിജിലൻസ് ഓഫീസർ' എന്ന് റീഡെസിഗ്നേഷൻ ചെയ്യുകയും ആയത് 'അസിസ്റ്റന്റ് ഡയറക്ടർ' തസ്തികയ്ക്ക് തുല്യമാക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത വകുപ്പിൽ നിലവിലെ റേഷ്യോയും കേഡർ ക്രമീകരണവും മൂലം നേരിട്ടുള്ള നിയമന വിഭാഗത്തിനോ വകുപ്പുതല പ്രമോഷൻ വിഭാഗത്തിനോ അവസരങ്ങളിൽ എന്തെങ്കിലും കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

**<u>മറുപടി:</u>** വകുപ്പിലെ റേഷ്യോയും കേഡർ ക്രമീകരണവും മൂലം നേരിട്ടുള്ള നിയമന വിഭാഗത്തിനോ വകുപ്പുതല പ്രമോഷൻ വിഭാഗത്തിനോ അവസരങ്ങളിൽ നിലവിൽ യാതൊരുവിധ കുറവും സംഭവിച്ചിട്ടില്ല.

**(സി)** നിലവിലെ കേഡർ സ്ട്രെങ്ത്, റേഷ്യോ എന്നിവ അടിസ്ഥാനമാക്കി ഓരോ വിഭാഗത്തിനും ലഭിക്കേണ്ട തസ്തികകളുടെ എണ്ണവും നിലവിൽ ലഭ്യമായിരുന്ന തസ്തികകളുടെ എണ്ണവും എത്രയാണെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** നിലവിലെ കേഡർ സ്ട്രെങ്ത്, റേഷ്യോ എന്നിവ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സീനിയർ സൂപ്രണ്ട് എന്നീ വിഭാഗങ്ങൾക്ക് ഓരോന്നിനും ലഭിക്കേണ്ട തസ്തികകളുടെ എണ്ണം യഥാക്രമം 941-ഉം, 35-ഉം ആണ്. നിലവിൽ ലഭ്യമായിട്ടുള്ള തസ്തികകളുടെ എണ്ണവും ഇതു തന്നെയാണ്.

**സെക്ഷൻ ഓഫീസർ**